പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2545

09.12.2014 ൽ മറുപടിയ്ക്ക്

## യൂത്ത് സെന്ററുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ പദ്ധതികൾ ജനകീയമാക്കുന്നതിനും താഴെ തട്ടിലേക്ക് പ്രയോജനം ലഭിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | എ) | എല്ലാ ജില്ലകളിലും ജില്ലാ യൂത്ത് കോ - ഓർഡിനേറ്റർമാർ നിലവിലുണ്ട്. പഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്ത് യൂത്ത് കോ - ഓർഡിനേറ്റർമാരെ നിയമിച്ചു വരുന്നു. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരും പഞ്ചായത്ത് യൂത്ത് കോ - ഓർഡിനേറ്റർമാരും അതാത് സ്ഥലങ്ങളിലെ യൂത്ത് ക്ലബുകളുമായി ചേർന്ന് യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കി താഴെത്തട്ടിലേയ്ക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) സംസ്ഥാനത്ത് എത്ര യൂത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (ബി) & (സി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 14 യൂത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ ജില്ലാ ഓഫിസുകളായി പ്രവർത്തിക്കുന്നു. പദ്ധതി പ്രവർത്തനവും പുരോഗതിയും എല്ലാ മാസവും വിലയിരുത്തുന്നു. ഓരോ മാസവും ജില്ലാതല പദ്ധതികളുടെ ഭൗതിക പുരോഗതിയും ധനവിനിയോഗവും വിലയിരുത്തുകയും തുടർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുമുണ്ട്. യൂത്ത് ക്ലബുകളുടെ പ്രവർത്തനവും യുവജനങ്ങൾക്കുണ്ടാകുന്ന പ്രയോജനവും അവരിൽ നിന്നുള്ള ഫീഡ്ബാക്കും ഓരോ പദ്ധതി തിരിച്ച് സംസ്ഥാന ഓഫീസിൽ അറിയിക്കുന്നു. ഈ റിപ്പോർട്ടുകൾ അപഗ്രഥിച്ച് സംസ്ഥാന മീറ്റിംഗുകൾ നടത്തി പോരായ്മകൾ പരിഹരിച്ച് വരുന്നു. |
| (സി) യൂത്ത് സെന്ററുകളുടെ പ്രവൃത്തി ജില്ലാ-സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ